ഉത്തരം

(എ & ബി) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

പാലക്കാട് ജില്ലയിലെ എച്ച്. എസ്. എ. റാങ്ക് ലിസ്റ്റ്

106 [859] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എച്ച്. എസ്. എ. ഹിന്ദി റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത് എന്നും ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം ലഭിക്കുകയുണ്ടായി;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ഒഴിവുകൾ ഇനിയും നികത്താനാണ് പി. എസ്. സി. യോട് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഇപ്പോൾ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 26-6-2004-ൽ ആണ് ലിസ്റ്റ് നിലവിൽ വന്നത്. ലിസ്റ്റിന്റെ കാലാവധി 25-6-2007-ൽ അവസാനിക്കും.

(ബി) 16 പേർക്ക്.

(സി) ഇല്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് പി. എസ്. സി. നിയമനം നൽകുന്നതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പ്രതിപക്ഷ നേതാവിന്റെ ചെലവുകൾ

107 [862] ശ്രീ. യു. സി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇന്നുവരെ ബഹു. പ്രതിപക്ഷ നേതാവ് വീട് മോടിപിടിപ്പിക്കുന്നതിന് ചെലവഴിച്ച തുക എത്ര എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly